"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് - എറണാകുളം ജില്ല - പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ പുല്ലുവഴി ഗവൺമെന്റ് എൽ.പി സ്കൂളിന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പ് (എം) വകുപ്പ്**

സ.ഉ.(സാധാ) നം.7853/2024/GEDN തീയതി,തിരുവനന്തപുരം, 04-11-2024

പരാമർശം:-

1. 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2. 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3. എറണാകുളം ജില്ലാ കളക്ടറുടെ 05.03.2024 - ലെ LSGD/JD/EKM/6314/2023/F2 നമ്പർ നടപടിക്രമം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.09.2024 - ലെ ബി 2/18186/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പെരുമ്പാവൂർ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022 - 23) നിന്നും രായമംഗലം ഗ്രാമപഞ്ചായത്തിലെ പുല്ലുവഴി ഗവൺമെന്റ് എൽ.പി സ്കൂളിന് ' 4202-01-800-84- Projects under LACb- ADS other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും 24,16,786/- (ഇരുപത്തി നാല് ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി എൺപത്ത് ആറ് രൂപ മാത്രം) രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ GEM Portal വഴി വാഹനം വാങ്ങിയിട്ടുണ്ടെന്നും ആയതിനാൽ വാഹനം വാങ്ങുന്നതിന് ചെലവായ 20,31,070/- രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എഴുപത് രൂപ മാത്രം) രൂപ അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ **പുല്ലുവഴി ഗവൺമെന്റ് എൽ.പി**

**സ്കൂളിന്** വാഹനം വാങ്ങിയതിന് ചെലവായ **20,31,070/- (ഇരുപത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എഴുപത് രൂപ മാത്രം) രൂപ** നടപ്പുസാമ്പത്തികവർഷം **' 4202-01-800-84- Projects under LAC- ADS other Projects (NP) '** എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ധനകാര്യ വകുപ്പ് (25.10.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. 2945364/ NC-B3/139/2024 – FIN ) പ്രകാരം
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 05-11-2024 11:58:41
സെക്ഷൻ ഓഫീസർ